പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 979** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>അൻപ് വീട് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി .എം. എ. സമീർ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. മഞ്ഞളാംകുഴി അലി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ഭിന്നശേഷി വിഭാഗക്കാർക്കായി ആരംഭിക്കുന്ന അൻപ് വീട് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ബൗദ്ധിക ഭിന്നശേഷിയുള്ള വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ പിന്തുണയും സംരക്ഷണവും ഉറപ്പാക്കുന്നതിനും, പ്രത്യേകിച്ച് മാതാപിതാക്കളോ നിയമപരമായ രക്ഷിതാക്കളോ ചികിത്സ, ആശുപത്രിവാസം, യാത്ര, മറ്റ് വ്യക്തിപരമായ ആവശ്യങ്ങൾ, ഗുരുതര രോഗാവസ്ഥ എന്നിവ നേരിടുന്ന സാഹചര്യങ്ങളിൽ ഭിന്നശേഷിയുള്ള വ്യക്തികളുടെ സുരക്ഷിതമായ പരിചരണം ഉറപ്പാക്കുന്നതിനുമായി സർക്കാർ അംഗീകൃത താത്കാലിക സംരക്ഷണ സംവിധാനം ഒരുക്കുന്ന പദ്ധതിയാണ് " അൻപ് വീട് ".

**(ബി)** ഏതെക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

**<u>മറുപടി:</u>** ഭിന്നശേഷി മേഖലയിൽ പ്രവർത്തനപരിചയമുള്ള സർക്കാർ അംഗീകൃത സന്നദ്ധ സംഘടനകൾ (NGO) നടത്തുന്ന റെസിഡൻഷ്യൽ സൗകര്യമുള്ള സ്പെഷ്യൽ സ്കൂളുകൾ, ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന കെയർ ഹോമുകൾ, സൈക്കോ-സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾ, റെസിഡൻഷ്യൽ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ, ഭിന്നശേഷിയുള്ള വ്യക്തികൾക്ക് താൽക്കാലിക സംരക്ഷണം നൽകാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന ഭിന്നശേഷി വ്യക്തികൾ ഉൾപ്പെടുന്ന കുടുംബങ്ങളെയും പദ്ധതിയുടെ ഭാഗമായി പരിഗണിക്കുന്നതാണ്.

അൻപ് വീട് പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യഘട്ടത്തിൽ 8 ജില്ലകളിൽ നിന്നുള്ള 12 സന്നദ്ധ സംഘടനകളെയും ഭിന്നശേഷിയുള്ള വ്യക്തികൾ ഉൾപ്പെടുന്ന 3 കുടുംബങ്ങളെയും തെരഞ്ഞെടുത്തിട്ടുണ്ട്.

**(സി)** ഒരേ സമയം എത്ര അന്തേവാസികളെ അൻപ് വീട്ടിൽ പാർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** അംഗീകൃത സന്നദ്ധ സംഘടനകളുടെ (NGO) സ്ഥാപനത്തിൽ ഒരേ സമയം കുറഞ്ഞത് 5 ഗുണഭോക്താക്കൾക്ക് Respite താമസ സൗകര്യം ഉണ്ടായിരിക്കും. ഭിന്നശേഷി വ്യക്തികൾ ഉൾപ്പെടുന്ന കുടുംബങ്ങളിൽ ഒരാൾക്ക് മാത്രം ഒരു സമയം പ്രവേശനം അനുവദിയ്ക്കും.

**(ഡി)** അന്തേവാസികളുടെ ദൈനംദിന ചെലവുകൾക്കുള്ള സാമ്പത്തിക സ്രോതസ്സ് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** അൻപ് വീട് പദ്ധതിയുടെ കീഴിൽ ഒരു വ്യക്തിക്ക് താമസസൗകര്യങ്ങൾ ഒരുക്കുന്നതിനും കെയർ സപ്പോർട്ട് നല്കുന്നതിനുമായി പ്രതിദിനം 1,500/- രൂപ എന്ന കണക്കിന്, സംരക്ഷണം ഏറ്റെടുക്കുന്ന കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും സാമൂഹ്യ നീതി വകുപ്പ് ജില്ലാ ഓഫീസുകൾ വഴി അനുവദിക്കുന്നതാണ്. ആയതിനായി നടപ്പ് സാമ്പത്തിക വർഷം 1,00,00,000/- രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**(ഇ)** അൻപ് വീട്ടിൽ ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** അൻപ് വീട് പദ്ധതിയിൽ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് സുരക്ഷിതമായ താൽക്കാലിക താമസം, വ്യക്തിഗത പരിചരണം, ദൈനംദിന ജീവിതസഹായം, പോഷകാഹാരം, ആരോഗ്യപരിപാലനം, ആവശ്യമായ മെഡിക്കൽ/അടിയന്തര ചികിത്സാ സഹായം, കൗൺസിലിംഗ് എന്നിവ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്.

**സെക്ഷൻ ഓഫീസർ**